സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ട് പ്രകാരം സംരക്ഷിത സ്മാരകമായി ഏറ്റെടുക്കുന്നതിനായി റവന്യൂ വിശദവിവരങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) കൊല്ലം ജില്ലയിൽ സാംസ്കാരിക വകുപ്പിന്റെ അധീനതയിൽ കൊട്ടാരക്കര തമ്പുരാൻ സ്മാരക ക്ലാസിക്കൽ കലാ മ്യൂസിയം, പെരിനാട് ഗ്രാമപഞ്ചായത്തിലുള്ള നാന്ദിരിക്കൽ വേലുത്തമ്പി ദളവാ മ്യൂസിയം എന്നീ രണ്ട് മ്യൂസിയങ്ങളുണ്ട്.

രാജാരവിവർമ്മ സ്മാരക നിർമ്മാണം

63 (3265) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂരിൽ രാജാരവിവർമ്മ സ്മാരക നിർമ്മാണത്തിന് ഇതുവരെ എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്നും ഏതെല്ലാം തരത്തിലുള്ള നിർമ്മാണ രീതികളാണ് അവലംബിച്ചിട്ടുള്ളതെന്നും എന്തെല്ലാമാണ് ഇതിലുൾപ്പെടുത്തിയിട്ടുള്ളതെന്നും വിശദമാക്കുമോ;

(ബി) ഇതിനായി കേന്ദ്ര ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടിക്രമം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനായി പുതിയതായി സംസ്ഥാന ഫണ്ട് അനുവദിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണെന്നും ഏത് പ്രവൃത്തിക്ക് വേണ്ടിയാണെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സ്മാരകം കാടുകയറി നശിക്കാതിരിക്കാൻ സ്ഥിരം നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കിളിമാനൂരിൽ രാജാരവിവർമ്മ സ്മാരക നിർമ്മാണത്തിന് ഇതുവരെ 1,26,41,334 രൂപ ചെലവഴിച്ചിട്ടുണ്ട്. രാജാരവിവർമ്മ സ്മാരക ആർട്ട് ഗ്യാലറി, സ്മൃതി മണ്ഡപം, ഓപ്പൺ എയർ തിയേറ്റർ, ഉദ്യാനം, ഗേറ്റ് വേ എന്നിവയാണ് ഇതേവരെ നിർമ്മിച്ചിട്ടുള്ളത്. ഉദ്യാനം മോടി പിടിപ്പിക്കുന്നതിന്റെ ഭാഗമായി അക്കാദമിയുടെ മുഖ്യപുരസ്കാരങ്ങൾ ലഭിച്ച ശിൽപ്പികൾ നിർമ്മിച്ച കോൺക്രീറ്റ് ശിൽപ്പങ്ങൾ ഉദ്യാനത്തിലെ വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. രാജാരവിവർമ്മയുടെ വെങ്കല ഛായാശിൽപ്പം സ്ഥാപിക്കുന്ന നിർമ്മാണ പണികളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) രാജാരവിവർമ്മ സ്മാരക നിലയത്തിനായി ഇതേവരെ കേന്ദ്ര ഫണ്ടുകളൊന്നും ലഭിച്ചിട്ടില്ല.

(സി) രാജാരവിവർമ്മ സ്മാരക നിലയത്തിന്റെ വികസനത്തിനായി 2015-16 സാമ്പത്തിക വർഷത്തിൽ 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഉദ്യാനം മോടിപിടിപ്പിക്കൽ, ഛായാ ശിൽപ്പം സ്ഥാപിക്കൽ, കൂടുതൽ കലാശേഖരം ഒരുക്കൽ, സംരക്ഷണ സൗകര്യം ഉണ്ടാക്കൽ എന്നീ പ്രവൃത്തികൾക്കായാണ് പ്രസ്തുത തുക വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നത്.

(ഡി) രാജാരവിവർമ്മ സ്മാരകം കാടുകയറി നശിക്കാതിരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

പുരസ്കാരങ്ങൾ തിരിച്ചുനൽകിയവരുടെ വിവരങ്ങൾ

64 (3266) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

രാജ്യത്ത് വർദ്ധിച്ചുവരുന്നതായി പറയപ്പെടുന്ന അസഹിഷ്ണുതയിൽ പ്രതിക്ഷേധിച്ച് സംസ്ഥാനത്ത് നിന്നും പുരസ്കാരങ്ങൾ തിരിച്ചുനൽകിയ കലാകാരൻമാരുടെയും സാമൂഹ്യപ്രവർത്തകരുടെയും പേരു വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ ആരൊക്കെയാണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

രാജ്യത്ത് വർദ്ധിച്ചുവരുന്നതായി പറയപ്പെടുന്ന അസഹിഷ്ണുതയിൽ പ്രതിഷേധിച്ച് സംസ്ഥാനത്ത് നിന്നും പുരസ്കാരങ്ങൾ തിരിച്ചു നൽകിയ കാലാകാരന്മാരുടെയും സാമൂഹ്യ പ്രവർത്തകരുടെയും പേര് വിവരങ്ങൾ സർക്കാർ തലത്തിൽ ശേഖരിച്ചിട്ടില്ല.

നരേന്ദ്രപ്രസാദ് സ്മാരക നാടക പഠനകേന്ദ്രത്തിന് ധനസഹായം

65 (3267) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നരേന്ദ്രപ്രസാദ് സ്മാരക പഠനകേന്ദ്രത്തിന്റെ പ്രവർത്തനത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് തുക അനുവദിക്കുന്നതിന് എം.എൽ.എ.-യുടെ കത്ത് ലഭ്യമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പഠനകേന്ദ്രത്തിന് കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly